"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾ ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2495/2024/LSGD തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.2234/2010/തസ്വഭവ തീയതി 07/07/2010
2. സ.ഉ(സാധാ) നം.2368/14/തസ്വഭവ തീയതി 10/09/2014
3. സ.ഉ(സാധാ)നം.34/2018/തസ്വഭവ തീയതി 16/03/2018
4. സ.ഉ(സാധാ)നം.1185/2024/തസ്വഭവ തീയതി 01/07/2024

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, പാലിക്കേണ്ട പൊതു മാനദണ്ഡങ്ങൾ രൂപീകരിച്ചും ജില്ല കളക്ടർ ചെയർമാനായി സമിതി രൂപീകരിച്ചും പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിലൂടെ ലഭിക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള കാലാവധി 7 വർഷമായി ചുരുങ്ങുന്നത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തെ ദോഷകരമായി ബാധിക്കും എന്ന ആശങ്ക വിവിധ തലങ്ങളിൽ നിന്ന് ഉയരുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 4 ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

i. ഉത്തരവിന്റെ അനുബന്ധം ഖണ്ഡിക 1 ലെ ലൈഫ് മിഷൻ/പിഎംഎവൈ (അർബൻ), പിഎംഎവൈ (ഗ്രാമിൺ)/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുള്ള മറ്റ് നിർമ്മാണ പദ്ധതികൾ എന്നിവ പ്രകാരം നിർമ്മിക്കുന്ന വീടുകൾ ഗുണഭോക്താവ് അവസാന ഗഡു തുക കൈപ്പറ്റിയ തീയതി മുതൽ 7 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ ; 12 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് മാത്രമുള്ള മാറ്റം വരുത്തി നിശ്ചയിക്കുന്നു.

ii. അനുബന്ധം ഖണ്ഡിക 7 റദ്ദാക്കികൊണ്ട്, ലൈഫ് മിഷൻ/പിഎംഎവൈ (അർബൻ), പിഎംഎവൈ (ഗ്രാമിൺ) /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുള്ള മറ്റ് പദ്ധികൾ എന്നിവ പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട്/ ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം (2 )സർക്കാർ ഉത്തരവ് പ്രകാരം നൽകിയ അനുമതി ബാധകമാക്കുന്നു.

4. പരാമർശം 4 ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

ധനകാര്യ/നിയമ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 19-12-2024 15:47:25
സെക്ഷൻ ഓഫീസർ